(ബി) ആയുഷ് പദ്ധതിയിൽ പാരമ്പര്യ പിൻബലത്തോടൊപ്പം ശാസ്ത്രീയ പിൻബലവുമുള്ള സിദ്ധ പോലുള്ള ചികിത്സാരീതികളെ അവഗണിക്കുന്നു എന്ന ആക്ഷേപം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മോഡേൺ മെഡിസിന്റെയും, സ്വകാര്യ ആശുപത്രികളുടെയും അമിത പ്രചാരണങ്ങളിൽപ്പെട്ട്, ചെലവു കുറഞ്ഞ ഫലപ്രദമായ മറ്റു ചികിത്സാരീതികളെ ആശ്രയിക്കാൻ ബി.പി.എൽ.-കാർ പോലും മടിക്കുന്ന സ്ഥിതിവിശേഷം നേരിടാൻ എല്ലാ വിഭാഗം ചികിത്സാരീതികളും തുല്യ രീതിയിൽ ജനങ്ങളിൽ എത്തിക്കാൻ മതിയായ സൗകര്യവും, അവസരങ്ങളും ഒരുക്കുമോ; വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ പഞ്ചായത്തുകളിലും ത്രിതല സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം.-ന് കീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിക്കുകയുണ്ടായി.

(ബി) 2016-17 സാമ്പത്തികവർഷം 8 ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ താൽക്കാലിക സിദ്ധ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുവേണ്ടി ലഭിച്ച 28 പഞ്ചായത്തുകളുടെ തീരുമാനങ്ങൾ ചേർത്ത പ്രൊപ്പോസലിൽ (എ 1/251/2015-ആയുഷ് നമ്പർ ഫയലിൽ) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ വിഭാഗം ചികിത്സാ രീതികളെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം.-ന് കീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും28 സിദ്ധ ഡിസ്പെൻറികളും ആരംഭിക്കുകയുണ്ടായി. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം സൗജന്യമായി നൽകിവരുന്നു.

അഡ്വഞ്ചർ ടൂറിസം

15 (*225) ശ്രീ. പി. സി വിഷ്ണുനാഥ്:

ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വെഞ്ചർ ടൂറിസം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) കേരളത്തിൽ സുസ്ഥിര സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പിൽ, മുഴപ്പിലങ്ങാട്, വാഗമൺ എന്നീ സ്ഥലങ്ങളെ പ്രധാന സാഹസിക വിനോദ സഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും സ്ഥലലഭ്യതയനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ സാഹസിക വിനോദസഞ്ചാരത്തിന്റെ അനന്ത സാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ അന്തർദേശീയ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇന്റർനാഷണൽ മൗണ്ടൻ ബൈക്ക് ചലഞ്ച് MTB Kerala Second Edition-2014 ഫെബ്രുവരിയിൽ കല്പറ്റയിലും അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ 2014 ജൂലൈയിൽ കോഴിക്കോട് ജില്ലയിലെ ഉഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും വിജയകരമായി നടപ്പാക്കുവാൻ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിക്ക് കഴിഞ്ഞു. കൂടാതെ 2015 ഫെബ്രുവരിയിൽ ഇടുക്കിയിലെ വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുകയുണ്ടായി. ഇതിലുപരി, കടലിനടിയിലെ സാഹസികത ആഗ്രഹിക്കുന്നവർക്കായി സ്കൂബ ഡൈവിംഗ് കോവളത്ത് നടത്തിവരുന്നു. മൂന്നാമത് അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് മത്സരം തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ 2016 ഫെബ്രുവരി 15, 16 തീയതികളിൽ നടന്നു.

(ബി) പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതിയുടെ അനന്തസാധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദസഞ്ചാര മേഖലയായി ഉയർത്തുക എന്നതാണ് പ്രധാന ഉദ്ദേശലക്ഷ്യം.

(സി) കേരളത്തിൽ സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിനുകീഴിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഉത്സവ, മത്സരാവസരങ്ങളിലും സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly